**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3469** **02-03-2023 - ൽ മറുപടിയ്ക്ക്**

**കോമ്പൗണ്ടിംഗ് റബ്ബറിന്റെ ഇറക്കുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കോമ്പൗണ്ടിംഗ് റബ്ബറിന് (മിശ്രിത റബ്ബർ) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ഇറക്കുമതി ചുങ്കം കർഷകർക്ക് ആശ്വാസപ്രദമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ഭേദഗതി വരുത്താൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; | (എ) | ഉണ്ട്. ഇറക്കുമതി ചുങ്കം 70%-ലേക്ക് ഉയർത്തണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കാൻ കേന്ദ്ര സർക്കാരുമായി ആവശ്യമായ ഇടപെടൽ നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | എല്ലാ തരത്തിലുമുള്ള ഉണക്കരൂപത്തിലുള്ള സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി തീരുവ 70% -ലേയ്ക്ക് ഉയർത്തണമെന്നാവശ്യപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പ് മന്ത്രിയ്ക്ക് 13.10.2016 തീയതിയിൽ കത്തയച്ചിരുന്നു. |
| (സി) | നീതി ആയോഗിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ റബ്ബർ ബോർഡിന്റെ പ്രവർത്തനം അവസാനിപ്പിക്കുവാൻ കേന്ദ്ര സർക്കാർ ശ്രമിക്കുന്നതായ മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നീക്കം സംസ്ഥാനത്തെ റബ്ബർ കർഷകരെ പ്രതിസന്ധിയിലാക്കുമോയെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിലുള്ള ഭൂരിഭാഗം റബ്ബർ കർഷകരും റബ്ബർ ബോർഡിൽ നിന്നുള്ള സാമ്പത്തിക സഹായവും സാങ്കേതിക സഹായവും കൊണ്ടാണ് കൃഷി ഇറക്കുന്നതെന്നുള്ള വസ്തുതയും കേരളത്തിലെ റബ്ബർ കർഷകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് റബ്ബർ ബോർഡിന്റെ നിലനിൽപ്പ് അനിവാര്യമാണെന്നതും റബ്ബർ ബോർഡിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്നത് കേരളത്തിലെ റബ്ബർ കർഷകരെ പ്രതിസന്ധിയിലാക്കുമെന്നതും കണക്കിലെടുത്ത് റബ്ബർ ബോർഡിന്റെ പ്രവർത്തനം അസാനിപ്പിക്കുന്നതിന് നീതി ആയോഗ് എന്തെങ്കിലും ശിപാർശ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയത് മാറ്റിനിർത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് 23.12.2022 തീയതിയിൽ D.O.No.Agri-890/ Min/ 2022-Agri നമ്പർ കത്തയച്ചിരുന്നു. എന്നാൽ കേന്ദ്ര സർക്കാരിൽ നിന്നും നാളിതുവരെ മറുപടി ലഭ്യമായിട്ടില്ല. |
| (ഡി) | സംസ്ഥാനത്തെ റബ്ബർ കർഷകരെ സഹായിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് | (ഡി) | റബ്ബറിന്റെ വിലയിടിവ് കാരണം ബുദ്ധിമുട്ട് അനുഭവിക്കുന്ന കർഷകരെ സഹായിക്കാൻ |

| | | | |
|---|---|---|---|
| | ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | സംസ്ഥാന സർക്കാർ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കി വരുന്നു. 2021 ഏപ്രിൽ 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിനു കീഴിലുള്ള റബ്ബറിന്റെ താങ്ങുവില കിലോഗ്രാമിന് 150/- രൂപ എന്നത് 170/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. റബ്ബർ വില സ്ഥിരത ഫണ്ട് പ്രകാരം റബ്ബറിന്റെ താങ്ങുവില കിലോ ഗ്രാമിന് 170/- രൂപ എന്നത് 250/-രൂപയായി വർദ്ധിപ്പിക്കുവാൻ കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ 24.12.2022 തീയതിയിലെ D.O.No.Agri-893/Min/2022-Agri നമ്പർ കത്ത് പ്രകാരം ആവശ്യപ്പെടുകയും ചെയ്തിരുന്നു. |

സെക്ഷൻ ഓഫീസർ